# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ -919 02.12.2015 ൽ മറുപടിയ്ക്ക്

## പുലമൺതോടിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി :** | **ശ്രീ.പി.ജെ.ജോസഫ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പുലമൺതോടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നാണെന്നു വ്യക്തമാക്കുമോ ; | (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പുലമൺതോടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പണിസ്ഥലം 12/12/2013 ൽ കരാറുകാരന് കൈമാറുകയും പണി ആരംഭിക്കുകയും ചെയ്തു. |
| (ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) ഈ പ്രവർത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സെന്റ് ഗ്രിഗോറിയസ് കോളേജ് മുതൽ മീൻപിടിപ്പാറവരെയുള്ള ഏകദേശം 320 മീറ്റർ റോഡിന്റെ കോൺക്രീറ്റ്, കരിങ്കല്ല് ഉപയോഗയോഗിച്ചുള്ള 300 മീറ്റർ സംരക്ഷണ ഭിത്തി, കോൺക്രീറ്റ് ഉപയോഗയോഗിച്ച് 60 മീറ്റർ സംരക്ഷണഭിത്തി, 50 മീറ്റർ വേലി നിർമ്മാണം, 1 കിലോമീറ്റർ നീളത്തിൽ ഭാഗികമായി തോട്ടിലെ മാലിന്യങ്ങളും ചെളിയും നീക്കം ചെയ്യൽ ഇവയാണ് ഇതുവരെ നടന്നത്.<br><br>ഏകദേശം 600 മീറ്റർ നീളത്തിൽ കോൺക്രീറ്റ് സംരക്ഷണഭിത്തി, 700 മീറ്റർ നീളത്തിൽ കരിങ്കൽ സംരക്ഷണഭിത്തി, 6 കി.മീ നീളത്തിൽ തോട്ടിലെ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ, ബെഡ് ലെവൽ ക്രോസ്ബാറിന്റെ നിർമ്മാണം എന്നിവയാണ് അവശേഷിക്കുന്ന പ്രവർത്തികൾ. |

| | | |
|---|---|---|
| (സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് (സി) പൂർത്തീകരിക്കുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുമോ? | 31/12/2015 വരെ പ്രവർത്തിയുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. ഈ കാലാവധിക്കുള്ളിൽ തന്നെ പണി പൂർത്തീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**